# അമൃതയിൽ താപഭൗതിക ദേശീയ സെമിനാർ

കൊല്ലം: താപഭൗതിക ഗവേഷണ പ്രവർത്തനങ്ങളെ ഇന്ത്യയിൽ ഏകോപിപ്പിക്കുന്ന ശാസ്ത്രസംഘടനയായ തെർമോഫിസിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ താപഭൗതിക ഗുണങ്ങളെപ്പറ്റി ദേശീയ സെമിനാർ നടത്തുന്നു.

സപ്തംബർ 20 മുതൽ 22 വരെ കരുനാഗപ്പള്ളിയിലെ അമൃത വിശ്വവിദ്യാപീഠത്തിലാണ് സെമിനാർ. കൊല്ലം ശ്രീനാരായണ കോളേജ് ഫിസിക്സ് വിഭാഗം, സെൻറർ ഫോർ അഡ്വാൻസ്ഡ് സയൻറിഫിക് റിസർച്ച്, അമൃത വിശ്വവിദ്യാപീഠം ഫിസിക്സ് വിഭാഗം എന്നിവയുടെ സഹകരണത്തോടെയാണ് സെമിനാർ നടക്കുന്നതെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

അമൃതപുരി കാമ്പസിലെ ഫിസിക്സ് വിഭാഗം ഓഡിറ്റോറിയത്തിൽ 20ന് രാവിലെ 11ന് കേരള ശാസ്ത്രസാങ്കേതിക-പരിസ്ഥിതി വകുപ്പ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് ഡോ. യശോധരൻ സെമിനാർ ഉദ്ഘാടനം ചെയ്യും. എസ്.എൻ.കോളേജ് പ്രിൻസിപ്പൽ ഡോ. എസ്.വി.സുധീർ ആധ്യക്ഷ്യം വഹിക്കും. രാജസ്ഥാൻ സർവകലാശാലയിലെ പ്രൊഫ. എൻ.എസ്.സക്സേന മുഖ്യപ്രഭാഷണം നടത്തും. അമൃത വിശ്വവിദ്യാപീഠം വൈസ് ചാൻസലർ ഡോ. വെങ്കിട്ടരംഗൻ, ഡോ. ബിപിൻ നായർ, എസ്.എൻ.കോളേജ് ഫിസിക്സ് വിഭാഗം മേധാവി പ്രൊഫ. കെ.രമാദേവി, അമൃത ഫിസിക്സ് വിഭാഗം മേധാവി ഡോ. കെ.എസ്. ശ്രീലത എന്നിവർ സംസാരിക്കും. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നുള്ള ശാസ്ത്രജ്ഞരും ഗവേഷകരും സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

തെർമോഫിസിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ ദേശീയ ജോയിൻറ് സെക്രട്ടറി ഡോ. പി.പ്രദീപ്, പ്രൊഫ. കെ.രമാദേവി, ഡോ. കെ.എസ്.ശ്രീലത, ഷാഹുൽ ഹമീദ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.